## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് – പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് – നടുക്കാട്-അമ്മാനൂർ ക്കോണം-മാർത്താണ്ഡേശ്വരം റോഡ് വികസനം – സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 1942/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, ജൂലായ് 31, 2009.

---

പരാമർശം: 1. പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23-07-2009-ലെ II (1)-ാം നമ്പർ തീരുമാനം.

2. പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-07-2009-ലെ എഫ്-291/09 നമ്പർ കത്ത്.

### ഉത്തരവ്

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം (2)-ലെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ, നടുക്കാട്-അമ്മാനൂർ ക്കോണം-മാർത്താണ്ഡേശ്വരം റോഡ് വികസനത്തിനായി നെയ്യാറ്റിൻകര താലൂക്ക് പള്ളിച്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 5-ൽപ്പെട്ട സർവ്വേ നമ്പർ 267/1-2-ലെ 1.256 സെന്റ് ഭൂമിയും സർവ്വേ നമ്പർ 267/16-ലെ 0.494 സെന്റ് ഭൂമിയും ഇത് സംബന്ധിച്ച് നിയമപരമായ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടും താഴെ പറയുന്ന നിബന്ധനക ളുടേയും അടിസ്ഥാനത്തിൽ അക്വയർ ചെയ്യുന്നതിന് പള്ളിച്ചൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു :

(i) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക, വ്യവഹാര ബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

(ii) അക്വിസിഷൻ സംബന്ധമായി 2005-ലെ കേരള പഞ്ചായത്ത്രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

(മറുപുറം)

To

സെക്രട്ടറി, പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.